**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 206** **16-09-2025 - ൽ മറുപടിയ്ക്ക്**

**പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിൽ ആണ് എന്ന് അറിയിക്കാമോ; | (എ) | പെരിങ്ങോം താലൂക്ക് ആശുപത്രിയിലേക്ക് ഡയാലിസിസ് യൂണിറ്റ് ആരംഭിയ്ക്കുന്നതിലേയ്ക്കായി, ‘Setting up of dialysis unit in major hospitals’ എന്ന പ്ലാൻ പ്രൊപ്പോസൽ മുഖേന 2025-2026 വർഷത്തേയ്ക്ക് സിവിൽ/ ഇലക്ട്രിക്കൽ പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് കോസ്റ്റ്, ഉപകരണങ്ങൾ എന്നിവയുൾപ്പെടുത്തി ആകെ 1,77,05,000/- രൂപ വകയിരുത്തിട്ടുണ്ട്. ഈ തുകയുൾപ്പെടുത്തി സമർപ്പിച്ചിട്ടുള്ള പ്ലാൻ പ്രൊപ്പോസലിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഡയാലിസിസ് യൂണിറ്റിലേക്ക് ജലദൗർലഭ്യം പരിഹരിക്കുന്നതിനായി ഒരു കുടിവെള്ള കിണർ നിർമ്മിക്കാൻ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതി 2025-26 പ്രകാരം 5 ലക്ഷം രൂപ വകയിരുത്തിയ സാഹചര്യത്തിൽ തുടർനടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | നടപടികൾ പൂർത്തീകരിച്ച് എപ്പോൾ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ? | (ബി) | എത്രയും വേഗം നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ